# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :19/10/ 2019

## കണ്ണനല്ലൂർ പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ സംയുക്ത സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.

പോലീസ് രക്തസാക്ഷി ദിനാചരണത്തിന്റെ ഭാഗമായി കണ്ണനല്ലൂർ പോലീസ് സ്റ്റേഷന്റെ നേതൃത്വത്തിൽ പള്ളിമൺ മഹാദേവാ ആർട്സ് ആന്റ് സ്പോർട്സ് ക്ളബ്ബിന്റെയും , അസീസിയ മെഡിക്കൽ കോളേജിന്റെയും പങ്കാളിത്തത്തോടെ 2019 ഒക്ടോബർ 19 ശനിയാഴ്ച രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ പള്ളിമൺ ലക്ഷ്മി ആഡിറ്റോറിയത്തിൽ വച്ച് ജീവിത ശൈലി രോഗ നിർണ്ണയ ക്യാമ്പും, എസ് പി സി കുട്ടികളെ പങ്കെടുപ്പിച്ച് കൊണ്ട് ക്വിസ്സ് മൽസരവും നടത്തി.



ക്യാമ്പിൽ പങ്കെടുത്തവരിൽ തുടർ ചികിത്സ ആവശ്യമുള്ളവർക്ക് അസീസിയ മെഡിക്കൽ കോളേജിൽ 25% ആനുകൂല്യത്തോടെ അവസരമൊരുക്കിയിട്ടുണ്ട്. നേത്രരോഗ വിഭാഗം, ഇ.എൻ.റ്റി, ജനറൽ മെഡിസിൻ, ദന്തൽ തുടങ്ങിയ വിദഗ്ദ ഡോക്ടർമാരുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിച്ചു.

ചാത്തന്നൂർ എ.സി.പി ശ്രീ ജോർജ്ജ് കോശിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റ് നാസറുദ്ദീൻ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം നിർവഹിച്ചു. കണ്ണനല്ലൂർ ഐ എസ് എച്ച് ഒ ശ്രീ യു പി വിപിൻകുമാർ, എസ് ഐ ജയശങ്കർ, എ എസ് ഐ രാജേന്ദ്രൻ, ബ്ളോക്ക്മെമ്പർ പള്ളി മൺ സന്തോഷ്, മെമ്പർമാരായ സജീവ്, ബാബു, പ്രസന്നകുമാരി, പള്ളി മൺ മഹാദേവാ ആർട്സ് ആന്റ് സ്പോർട്സ് ക്ളബ്ബിന്റെ ഭാരവാഹി അക്ഷയ് എന്നിവർ ആശംസകളർപ്പിച്ചു.

ജീവിതശൈലി രോഗത്തെയും മറ്റ് ആരോഗ്യ പ്രശ്നങ്ങളെയും പറ്റി അസീസിയ മെഡിക്കൽ കോളേജിലെ ഡോക്ടർ അയ്യപ്പൻ ബോധവല്ക രണ ക്ലാസ്സെടുത്തു.